ഉത്തരം

(എ) സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിക്വിഡേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്.

(ബി) കോർപ്പറേഷനിൽ 122 സ്ഥിരം ജീവനക്കാരും 144 കാഷ്വൽ ജീവനക്കാരും ജോലി ചെയ്തിരുന്നു. കോർപ്പറേഷന് രണ്ട് കൊപ്ര സംസ്കരണ ഫാക്ടറിയും ഹെയർഓയിൽ ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയും ഉണ്ടായിരുന്നു.

(സി) നാളികേര വികസന കോർപ്പറേഷൻ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലില്ല.

(ഡി) നാളികേര വികസന കോർപ്പറേഷന് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ആറ്റിങ്ങൽ വില്ലേജിൽ മാമത്ത് 5 ഏക്കറും, എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ തൃക്കാക്കര നോർത്ത് വില്ലേജിൽ ഇടപ്പള്ളിയിൽ 3.36 ഏക്കറും, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ എലത്തൂർ വില്ലേജിൽ എലത്തൂരിൽ 1.5 ഏക്കറും, കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചേമഞ്ചേരി വില്ലേജിൽ തിരുവങ്ങൂരിൽ 10.8 ഏക്കർ സ്ഥലവും ഉണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ വസ്തുവകകൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാനാകൂ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[1123, 1179, 1180, 1181, 1186, 1187, 1200, 1220, 1226 എന്നീ നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല]

II ഗവർണറുടെ സന്ദേശം

നന്ദിപ്രമേയത്തിന് കൃതജ്ഞതപ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ സന്ദേശം

മി. സ്പീക്കർ : ഓർഡർ... ഓർഡർ.....കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 6-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു:

I thank the XII[th] Kerala Legislative Assembly for the Motion of thanks adopted by its XVII[th] Session on my Address to the Assembly on 4[th] February, 2011".

III ശ്രദ്ധ ക്ഷണിക്കൽ

(1) ഓണാട്ടുകര വികസന അതോറിറ്റി

ശ്രീ. എം. മുരളി : സർ, ഫെബ്രുവരി നാലിന് ഈ സഭയിൽ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഇടുക്കി, കുട്ടനാട് പാക്കേജിന്റെ മാതൃകയിൽ ഓണാട്ടുകര കാർഷിക വികസന പാക്കേജ് ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനം

LIBRARY, KERALA LEGISLATIVE ASSEMBLY

യാഥാർത്ഥ്യമാക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കുകയും ഒരു പ്രത്യേക വികസന പാക്കേജ് ഓണാട്ടുകര കാർഷിക മേഖലയിൽ നടപ്പിലാക്കുന്നതിനായി ഇന്നുള്ള വികസന ഏജൻസിയുടെ സ്ഥാനത്ത് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുന്ന ഒരു അതോറിറ്റി രൂപീകരിക്കണമെന്നുള്ള ആവശ്യം ഞാൻ കൃഷിവകുപ്പ് മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ പെടുത്തുകയാണ്. പഴയ തിരുവിതാംകൂറിന്റെ കലവറയായിരുന്നു ഓണാട്ടുകര. ഓണം ഊട്ടുന്ന കരയായിരുന്നു ഒരു കാലത്ത് ഓണാട്ടുകര. നീണ്ടകര മുതൽ തോട്ടപ്പള്ളിവരെയുള്ള പ്രദേശമാണ് ഓണാട്ടുകര പ്രദേശം. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര, കുന്നത്തൂർ, അടൂർ താലൂക്കുകളിലായി 41 പഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലുമുള്ള ഓണാട്ടുകര പ്രദേശത്ത് കഴിഞ്ഞമാസമാണ് കൃഷിവകുപ്പ് മുൻകൈ എടുത്തുകൊണ്ട് ജനങ്ങളുടെ ഒരു കൂട്ടായ്മ, 44 നാട്ടുകൂട്ടങ്ങളും കൃഷ്ണപുരത്ത് വച്ച് മഹാനാട്ടുകൂട്ടവും സംഘടിപ്പിച്ചത്. ഞങ്ങൾ എല്ലാവരും അതുമായി സഹകരിച്ചു. അതൊരു ജനകീയ ഉൽസവമാക്കി മാറ്റുന്നതിന് ഞങ്ങളെല്ലാം മുൻകൈ എടുത്തു. ഓണാട്ടുകരയുടെ സവിശേഷമായ ഒരു കാർഷിക മേഖലയെക്കുറിച്ച് ഞാൻ ഒരു വാക്ക് പറയട്ടെ, നെൽകൃഷിയും എള്ളു കൃഷിയുമാണ് ഓണാട്ടുകരയുടെ മുഖമുദ്ര. ഇടവിളകൾ അല്ലെങ്കിൽ കരകൃഷി ഓണാട്ടുകരയുടെ മാത്രം സവിശേഷതയാണ്. പുഞ്ച കൃഷിയോടൊപ്പം വിരിപ്പുകൃഷിയും ഓണാട്ടുകരയുടെ മാത്രം പ്രത്യേകതയാണ്. ഇടവിളകളിൽ കരകൃഷിയിൽ തെങ്ങ്, വാഴ, വെറ്റിലകൃഷി, ചീനി, ചേമ്പ്, കാച്ചിൽ, കൂർക്ക, ചെറുചേമ്പ്, വെട്ട് ചേമ്പ്, ചീവക്കിഴങ്ങ്, നനക്കിഴങ്ങ് തുടങ്ങിയ സവിശേഷ കൃഷികളും ഓണാട്ടുകരയുടെ മാത്രം പ്രത്യേകതയാണ്. രോഗപ്രതിരോധ ശക്തിയുള്ള നാടൻ പശുക്കൾ, നാടൻ കോഴി, താറാവ്, നാടൻ ആടുകൾ, വരാൽ, കമ്മട്ടി, മുശി, കാരി തുടങ്ങിയ മൽസ്യ സമ്പത്ത് ഇതെല്ലാം ഓണാട്ടുകരയുടെ മാത്രം പ്രത്യേകതയാണ്. നാട്ട് ചന്തകൾ ഇന്നും നിലനിൽക്കുന്നത് ഓണാട്ടുകര പ്രദേശത്ത് മാത്രമാണ്. ഡോ: എം. എസ്. സ്വാമിനാഥൻ രൂപ കല്പന നൽകിയ കുട്ടനാട് പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഓണാട്ടുകരയെക്കൂടി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തണമെന്നുള്ളത് ഞങ്ങളുടെ ഒരു മുറവിളിയായിരുന്നു. കേരള സർക്കാർ ഈ നിർദ്ദേശം അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ സമർപ്പിച്ചു. കേന്ദ്ര ക്യാബിനെറ്റും ഓണാട്ടുകരയെ കുട്ടനാട് പാക്കേജിന്റെ ഭാഗമാക്കാൻ ഔദ്യോഗികമായി തീരുമാനിക്കുകയുണ്ടായി. ഞങ്ങൾ നന്ദിയുള്ളവരാണ്. ഇതിന്റെ ഭാഗമായിട്ട് ഓണാട്ടുകരയുടെ നാടിനെരമ്പായ തൊടിയൂർ ആറാട്ടുമുകനാൽ അതിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾക്ക് 252.75 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ഓണാട്ടുകരയ്ക്ക് മാത്രം കാർഷിക സർവ്വകലാശാലയുടെ ഒരു റീജിയണൽ റിസർച്ച് സ്റ്റേഷൻ കായംകുളത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആ റിസർച്ച് സ്റ്റേഷനും എള്ളുകൃഷിക്കും നെൽക്കൃഷിയിൽ തന്നെ ഒന്നാം കൃഷിക്കും മറ്റ് കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്കും ഓണാട്ടുകര വികസനത്തിന്റെ ഭാഗമായിട്ട് കുട്ടനാട് പാക്കേജിൽ പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം ഫലപ്രദമായി

LIBRARY ARCHIVES & DIGITAL DIVISION KERALA NIYAMASABHA

നടക്കണമെങ്കിൽ ഓണാട്ടുകരയ്ക്ക് മാത്രമായി ഒരു പാക്കേജ് ഉണ്ടാകണം. കുട്ടനാട് പാക്കേജിന്റെ പ്രവർത്തന ആസ്ഥാനം മങ്കൊമ്പാണ്. മങ്കൊമ്പിൽ ഇരുന്നു കൊണ്ട് കൊല്ലം ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഓണാട്ടുകരയുടെ കാർഷിക വികസനം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇതിനായിട്ട് ഒരു പ്രത്യേക സംവിധാനമുണ്ടാകണം, ഒരു പ്രത്യേക പാക്കേജും സംവിധാനവുമുണ്ടാകണം. അതുകൊണ്ടാണ് ഇന്നുള്ള, കേവലം ഒരു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന ഏജൻസിയുടെ സ്ഥാനത്ത് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ, ഏതാണ്ട് 500 കോടി രൂപയുടെ പദ്ധതികൾ ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെ നടപ്പിലാക്കുമ്പോൾ അത് ഫലപ്രഥമായി സുതാര്യമായി നടപ്പിലാക്കാൻ, ഒരു അതോറിറ്റി തന്നെ രൂപീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ട് വയ്ക്കുന്നത്. കുട്ടനാട് പാക്കേജിന്റെ ഭാഗമായി പതിമൂന്നാം ധനകാര്യ കമ്മീഷൻ 300 കോടി രൂപയുടെ കാർഷിക പദ്ധതികൾ അനുവദിച്ചിരിക്കുകയാണ്. ലോവർ കുട്ടനാടിനും അപ്പർ കുട്ടനാടിനും ഓണാട്ടുകരയ്ക്കുമായിട്ടാണ് ആ 300 കോടി രൂപ അനുവദിച്ചിരിക്കുന്നത്. അതിലെ മൂന്നിലൊന്ന് വിഹിതം 100 കോടി രൂപ ഓണാട്ടുകരയ്ക്ക് മാത്രമായിട്ട് മാറ്റി വയ്ക്കണമെന്നുകൂടി കൃഷി വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം ഏകോപിപ്പിച്ചു നടത്താനുള്ള ഒരു പ്രത്യേക പാക്കേജും ഒരു അതോറിറ്റിയും ഈ മാസം തന്നെ, തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്നതിനുമുമ്പ് രൂപീകരിക്കാനുള്ള നടപടി കേരള സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഓണാട്ടുകരക്കാർക്ക് പ്രത്യേകമായി അറിയാവുന്നതും കേരളത്തിന് പൊതുവേ അറിയാവുന്നതുമായ കാര്യമാണ്, ഓണാട്ടുകരയ്ക്ക് പൊതുവായ ഒരുപാട് സവിശേഷമായ പ്രത്യേകതകളുണ്ട് എന്നുള്ള കാര്യം. കേരളത്തിൽ ഏറ്റവും ശുദ്ധിയുള്ള ഭാഷയും ഒരുപാട് കാവുകളും കുളങ്ങളും നിറഞ്ഞ പ്രദേശവും ഭക്ഷ്യമേഖലയിലെ എല്ലാ ഉല്പാദനവും മത്സ്യ ഉല്പാദനവും ഒപ്പം മൃഗപരിപാലനവും താറാവ്, കോഴി ഉൾപ്പെടെ അതായത് കേരളത്തിന്റെ മൊത്തം സമഗ്രത ഏറ്റവും മനോഹരമായി സമ്മേളിച്ചിരിക്കുന്ന കേരളത്തിലെ ഒരു വിശാലമായ പ്രദേശമാണിത്. 41 പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്നതും മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നതുമായ അതിമനോഹരമായ ഒരുപാട് സവിശേഷതകളുള്ള ഈ പ്രദേശത്തെ ഓണം ഊട്ടുകര എന്നു പറയുന്നതായിരിക്കും ശരി. ഓണത്തിനുവേണ്ട എല്ലാ വിഭവങ്ങളും കേരളത്തിൽ ഒരിടത്ത് ഉല്പാദിപ്പിക്കുന്ന കേരളത്തിലെ ഒരേയൊരു കേന്ദ്രം ഓണാട്ടുകരയാണ്. അതുകൊണ്ടാണ് ഓണം ഊട്ടുകര എന്നു പറയുന്നത്. ഓണത്തിന് പുറത്ത് നിന്ന് ഒന്നും വന്നില്ലെങ്കിലും ഓണത്തിന് ഊട്ടാനുള്ളതെല്ലാം ഉല്പാദിപ്പിക്കപ്പെടുന്ന ഒരു മേഖലയാണ് ഓണാട്ടുകര. മറ്റൊരു പ്രത്യേകത കേരളത്തിൽ കരപ്രദേശം ഇത്രത്തോളം നിറഞ്ഞ് കിടക്കുന്ന ഒരു പ്രദേശം ഓണാട്ടുകരയല്ലാതെ വേറെയില്ല. കടൽ സാമീപ്യവും കായൽ സാമീപ്യവും കുളങ്ങളും കായലുകളും സവിശേഷമായ ഒരുപാട് സാംസ്കാരിക തനിമകളുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രദേശത്താണ് ഓണാട്ടുകര. അതുകൊണ്ട് തന്നെ ഓണാട്ടുകരയുടെ സമഗ്രമായ പുരോഗതി, സമഗ്രമായ കാർഷിക പുരോഗതി എന്നു പറയുമ്പോൾ അതൊരു സാംസ്കാരിക പുരോഗതി കൂടിയാണ്, അത് സവിശേഷമായ ഒരു മതേതര ജനാധിപത്യ പാരമ്പര്യം കൂടിയാണ്. അത്തരം ഒരു സാഹചര്യത്തിലാണ് കേരളത്തിൽ ഓണാട്ടുകരയിൽ ചെറുനാട്ടുകൂട്ടങ്ങളും മഹാനാട്ടുകൂട്ടവും നടത്തിയത്. 6000 ഓളം മനുഷ്യർ പങ്കെടുത്തതാണ് ആ മഹാനാട്ടുകൂട്ടം. ചെറുനാട്ടുകൂട്ടങ്ങളിൽ നിന്നു വന്ന ആളുകൾ വളരെ ചെറുതായിരുന്നു. ചില കുളങ്ങൾ വീണ്ടെടുക്കുക, തരിശുരഹിതമാക്കുക, അന്യാശ്രയമില്ലാത്ത ഒരു ഓണാട്ടുകര സൃഷ്ടിക്കുക, ഓണാട്ടുകരയുടെ പഴയ വിവേങ്ങളെല്ലാം കൃഷിചെയ്യുന്നതിനുള്ള സംവിധാനത്തിലേക്ക് തിരിച്ചുവരുക, ഓണാട്ടുകരയ്ക്ക് നഷ്ടപ്പെട്ട കൂട്ടായ്മകൾ വീണ്ടെടുക്കുക, ഇവിടെ പറഞ്ഞപോലെ നാട്ടു ചന്തകൾ ഉണ്ടാക്കുക, അതിന്റെ അടിസ്ഥാനത്തിലാണ് ഓണാട്ടുകരയിൽ മാത്രമായ മഹാനാട്ടുകൂട്ടം ഒരു പ്രഖ്യാപനം നടത്തിയിട്ടുള്ളത്. ഓണാട്ടുകരയിൽ രണ്ടായിരത്തിലധികം ഉല്പാദക ക്ലസ്റ്ററുകൾ ഉണ്ടാക്കുക എന്നതാണ് ഉദ്ദേശ്യം. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. 20 കുടുംബങ്ങൾ മുതൽ 40 കുടുംബങ്ങൾ വരെയാകുന്ന രണ്ടായിരത്തിലധികം ക്ലസ്റ്ററുകൾ, ഏതെങ്കിലും കാർഷിക ഉല്പന്നങ്ങൾ, അത് പാൽ ഉൾപ്പെടെയാകാം, ഏതെങ്കിലും കാർഷികമോ കാർഷികാനുബന്ധവുമായോ ഉല്പാദനം നടത്തുന്ന ചെറിയ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട്, ആ ചെറിയ ക്ലസ്റ്ററുകളെ സഹായിക്കുന്ന പഞ്ചായത്ത് തലത്തിലുള്ള ഒരു അഡ്വൈസറി ബോർഡ് രൂപീകരിച്ചുകൊണ്ട്, ഈ രണ്ടായിരം ക്ലസ്റ്ററുകളിൽ നിന്ന് ഓരോ വോട്ടവകാശം കിട്ടുന്ന ഒമ്പത് അംഗങ്ങളുള്ള ഒരു അപ്പക്സ് ബോഡിയുമുണ്ട്. അതോറിറ്റി വേണോ അതിൽ എന്തെങ്കിലും പേര് വേണമോയെന്നുള്ളത് നമുക്ക് പിന്നെ തീരുമാനിക്കാം. എന്തായിരുന്നാലും ആ അപ്പക്സ് ബോഡിയുടെ മുഖ്യമായ കാര്യം ഈ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുക എന്നതാണ്. ഏതെതൊക്കെ കൃഷി ഏതേതൊക്കെ കാലത്ത് എത്രമാത്രം ഉല്പാദനം എന്ന് നിശ്ചയിക്കുന്നതാണ്. ആ ഉല്പാദനം നടത്തിയാൽ അത് കളക്ട് ചെയ്യാനും മാർക്കറ്റ് ചെയ്യാനും അത് സൂക്ഷിക്കാനുമുള്ള ഉത്തരവാദിത്തം ഈ അപ്പക്സ് ബോഡിക്കാണ്. അങ്ങനെ കേരളത്തിൽ ആദ്യമായി ഒരു വിശാലമായ പ്രദേശത്ത് ഈ പറഞ്ഞ തരത്തിൽ കൃഷിയുടെ ഒരു സമഗ്രത, ഒപ്പം അതിന്റെ സെക്കന്റ് ഫെയ്സ് ഗ്രേഡ് തിരിക്കുക, മാർക്കറ്റിലെത്തിക്കുക, മാർക്കറ്റിലെത്തിക്കുന്നതിന്റെ ആനുകൂല്യം അതിന്റെ ലാഭം കർഷകർക്ക് തന്നെ ഏത്തുക എന്നുള്ളതാണ്. ഈ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള പ്രോജക്ടുകൾക്ക് അധികമായി, അതായത് സ്വാമിനാഥൻ പാക്കേജിൽ വരുന്ന പ്രോജക്ടുകൾക്ക് അധികമായി അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കാവുന്ന 130 കോടി രൂപയുടെ ഒരു പ്രോജക്ടാണ്.

പതിമൂന്നാം പ്ലാനിംഗ് കമ്മീഷൻ കൂട്ടനാടിന് അനുവദിച്ചിട്ടുള്ള മുന്നൂറ് കോടി രൂപ, ആ മുന്നൂറ് കോടി രൂപ അധികമായി വരുന്ന വികസനത്തിനു വേണ്ടിയുള്ളതാണ്. തീർച്ചയായും അതിൽ നൂറ് കോടി രൂപ ഓണാട്ടുകരയുടെ സമഗ്ര വികസനത്തിനുവേണ്ടി മാറ്റുന്നതിൽ പ്രയാസം വരുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ നിർദ്ദേശം പൊതുവേ അവിടെ സ്വീകരിക്കപ്പെട്ടതാണ്. ഓണാട്ടുകരയുടെ സമഗ്രമായ പുരോഗതി ലക്ഷ്യം വച്ച് ഈ 130

LIBRARY ARCHIVES Kerala Legislature Assembly

കോടി രൂപ പ്ലസ് 252 കോടി രൂപയും കൂടി കൂട്ടിയുള്ള ജല നിർഗ്ഗമന പദ്ധതികളുണ്ട്, മറ്റ് ചില പദ്ധതികളുണ്ട്. ഓണാട്ടുകരയുടെ കാർഷിക ഗവേഷണ കേന്ദ്രം മെച്ചപ്പെടുത്തേണ്ടതുണ്ട്. അത് വിശാലമായ അർത്ഥത്തിൽ, ഗവേഷണ അടിസ്ഥാനത്തിൽ ഓണാട്ടുകരയ്ക്കു വേണ്ടിയുള്ള സംവിധാനങ്ങളുമായി ഒരുപാട് മുന്നോട്ടു പോകേണ്ടതുണ്ട്. ഇതെല്ലാം ചേർത്ത് ഓണാട്ടുകരയ്ക്കു വേണ്ടി ഒരു പാക്കേജ് അത് എത്രയാണ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഓർഗനൈസേഷൻ അതിന്റെ നടപടിക്രമങ്ങൾ പ്രാഥമിക അർത്ഥത്തിൽ നടക്കുകയാണ്. ഇതെല്ലാം നടന്നു കഴിഞ്ഞാൽ തീർച്ചയായും ഈ വർഷം അതിന്റെ നടപടികൾ നീക്കുകയും വരുന്ന വർഷം നമുക്കത് നടപ്പിലാക്കി തുടങ്ങുകയും ചെയ്യാവുന്നതാണ് അതിന്റെ ഒരു പദ്ധതി, വഴിയോര കൃഷി എന്ന ഒരു പദ്ധതി കഴിഞ്ഞ 19-ാം തീയതി നടപ്പാക്കി കഴിഞ്ഞു. ഓണാട്ടുകരയിലെ നാട്ടുകൂട്ടത്തിന്റെ തീരുമാനങ്ങളിൽ സമഗ്രമായ ഒരു ഓണാട്ടുകര വികസന പദ്ധതി എന്നുള്ള നിലയിൽ മുന്നോട്ടു പോകുകയാണ്. അതിന് ഈ അപ്പെക്സ് സംവിധാനത്തിന്റെ പേര് എന്താകണമെന്നുള്ളത് തീർച്ചയായും നമുക്ക് തീരുമാനിക്കാം. ആ അപ്പെക്സ് സംവിധാനം ഉണ്ടാകണമെന്നുള്ളത് തീരുമാനം തന്നെയാണ്.

ശ്രീ. എം. മുരളി: സർ, 2000 ക്ലസ്റ്റേഴ്സ് രൂപീകരിച്ച് അതിന്റെ മുകളിൽ ഒരു അപ്പെക്സ് ബോഡി ഉണ്ടാക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ആ അപ്പെക്സ് ബോഡി മാത്രമല്ല ഞാൻ ഉദ്ദേശിച്ചത്. അങ്ങനെ നടത്തിയ പ്രഖ്യാപനം അനുസരിച്ച് കേന്ദ്ര ഗവൺമെന്റിനു മുന്നിൽ സമർപ്പിച്ച വിവിധങ്ങളായ സ്കീമുകൾ, ഇറിഗേഷൻ സ്കീമുകൾ ഉൾപ്പെടെ, ഇവിടെ ചൂണ്ടിക്കാണിച്ച 13-ാം ധനകാര്യ കമ്മീഷനിൽനിന്ന് കിട്ടുന്ന വിഹിതം ഉൾപ്പെടെ മാറ്റുമ്പോൾത്തന്നെ 500 കോടി രൂപയുടെ പദ്ധതി ഇപ്പോൾ നമ്മുടെ മുമ്പിൽ കടന്നുവന്നിരിക്കുന്നു. അത് നടപ്പാക്കാനുള്ള പാക്കേജിന്റെ ഇംപ്ലിമെന്റേഷൻ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓഡിനേഷൻ, അതിന് ഒരു അതോറിറ്റി എന്ന് ഞാൻ പറയുന്നില്ല, ഞാൻ ഇട്ട പേര് വേണ്ട. അതോറിറ്റി വേണ്ട. അതിന് ഏജൻസി പോര, ഒരു പ്രത്യേക തരം സംവിധാനം വേണം അതാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ച കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്. എന്നാൽ ഈ അപ്പെക്സ് സംവിധാനം നമുക്ക് ഒഴിവാക്കുവാൻ കഴിയുകയില്ല. അത് നമ്മൾ പ്രഖ്യാപിച്ചതാണ്. ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ആംബുലൻസ് സർവ്വീസ്

ശ്രീ. വി. എൻ. വാസവൻ: സർ, കേരളാ എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ കീഴിൽ തല്സ്ഥാന നഗരിയിൽ ആധുനിക സംവിധാനത്തോടുകൂടിയുള്ള ആംബുലൻസിന്റെ പ്രവർത്തനം ഇപ്പോൾ നടന്നുവരികയാണ്. ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. കാരണം ഇന്ന് നമ്മുടെ സമൂഹത്തിൽ ഓരോ ദിവസവും

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY